# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

ക്ലാസ്സ് X **ഗണിതം - ഉത്തരസൂചിക** 1003

| Qn no | Key | Score |
|---|---|---|
| | SECTION A | |
| 1 | 16 | 1 |
| 2 | C. പ്രസ്താവന രണ്ടും ശരിയാണ് , പ്രസ്താവന 1 ന്റെ കാരണമാണ് പ്രസ്താവന 2 . | 1 |
| 3 (A) | 4 , 10 , 16 , . . .<br>അതെ. ഇതൊരു സമാന്തരശ്രേണിയാണ്.<br>കാരണം ഈ ശ്രേണിയിലെ ഏതു പദത്തിൽ നിന്നും തൊട്ടു പിന്നിലുള്ള പദം കുറച്ചാൽ കിട്ടുന്നത് 6 തന്നെയാണ്. | 1<br>1<br>1 |
| 3 (B) | 1 , 3 , 5 ,7, 9 , 1, 3 , 5, 7, 9 . . .<br>അല്ല. ഇതൊരു സമാന്തരശ്രേണിയല്ല.<br>കാരണം ഈ ശ്രേണിയിലെ ഏതു പദത്തിൽ നിന്നും തൊട്ടു പിന്നിലുള്ള പദം കുറച്ചാൽ കിട്ടുന്നത് ഒരേ സംഖ്യ തന്നെയല്ല. | 1<br>1<br>1 |
| 4 | ഈ ശ്രേണിയിൽ പദങ്ങളുടെ സ്ഥാനങ്ങൾ ഓരോന്നു കൂടുമ്പോൾ പദങ്ങൾ 9 വീതം കൂടുന്നു.<br>അതായത് ഏതു പദമാറ്റവും 9 ന്റെ ഗുണിതമാണ് . [ പദമാറ്റം =9 x സ്ഥാനമാറ്റം ]<br>(i) $108 = 9 \times 12$ . ഈ ശ്രേണിയിലെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം 108 ആകാം.<br>(ii) 15-ാം പദം = $14 + (14 \times 9) = 140$<br>(iii) പദമാറ്റം = $230 - 14 = 216 = 9 \times 24$<br>സ്ഥാനമാറ്റം = 24 . അതിനാൽ ഈ ശ്രേണിയിലെ 25-ാം പദമാണ് 230. | 1<br><br>1<br>1<br><br>1 |
| 5 (A) | ഈ ശ്രേണിയിൽ പദങ്ങളുടെ സ്ഥാനങ്ങൾ 2 വീതം കൂടുമ്പോൾ പദങ്ങൾ 6 വീതം കുറയുന്നു.<br>(i) 5-ാം പദം = 51 – 3 = 48 (പദങ്ങളുടെ സ്ഥാനങ്ങൾ ഓരോന്നു വീതം കൂടുമ്പോൾ പദങ്ങൾ 3 വീതം കുറയുന്നു.)<br>(ii) $4 \times 3 = 12$<br>(iii) ആദ്യപദം = 48 + 12 = 60<br>ആദ്യത്തെ 3 പദങ്ങൾ = 60 , 57 , 54 | 1<br>1<br>1<br><br>1 |
| 5 (B) | (i) 4-ാം പദം = $\frac{133}{7} = 19$<br>(ii) 11-ാം പദം = $\frac{378}{7} = 54$ [ അടുത്ത 7 പദങ്ങളുടെ തുക = 511 – 133 = 378 ]<br>(iii) ഈ ശ്രേണിയിൽ പദങ്ങളുടെ സ്ഥാനങ്ങൾ 7 വീതം കൂടുമ്പോൾ പദങ്ങൾ 35 വീതം കൂടുന്നു.<br>(പദങ്ങളുടെ സ്ഥാനങ്ങൾ ഓരോന്നു വീതം കൂടുമ്പോൾ പദങ്ങൾ 5 വീതം കൂടുന്നു. )<br>ആദ്യപദം = 19 – ( 3 x 5) = 4<br>ആദ്യത്തെ 3 പദങ്ങൾ = 4 , 9 , 14 | 1<br>1<br>1<br><br><br>1 |
| 6 | ഈ ശ്രേണിയിൽ പദങ്ങളുടെ സ്ഥാനങ്ങൾ 3 വീതം കൂടുമ്പോൾ പദങ്ങൾ 20 വീതം കൂടുന്നു.<br>(i) രണ്ടാംപദം = 42 – 20 = 22<br>(ii) 14-ാം പദം = 42 + ( 3 x 20) = 102 | 1<br>1<br>1 |

WANDOOR GANITHAM

SARATH A S , HST MATHS , GHSS KUTTIPPURAM , MALAPPURAM

| | | |
|---|---|---|
| | (iii) ആദ്യത്തെ 18 പദങ്ങളുടെ തുക $= 9 \times (42 + 102) = 9 \times 144 = 1296$<br>$[\ x_1 + x_{18} = x_2 + x_{17} = \ .\ .\ .\ = x_5 + x_{14}\ ]$ | 2 |
| | **SECTION B** | |
| 7 | 11 $\qquad (\ 9^2 = 81\ )$ | 1 |
| 8 | 7 $\qquad (\ f = 5 + 2\ )$ | 1 |
| 9 | ഈ ശ്രേണിയിലെ പദങ്ങൾ എണ്ണൽസംഖ്യകളെ 4 കൊണ്ട് ഗുണിച്ച് 2 കൂട്ടി കിട്ടുന്നതാണ്.<br>$[\ x_n = 4n + 6 - 4 = 4n + 2\ ]$<br>അതായത് , ഈ ശ്രേണിയിലെ പദങ്ങളെ 4 കൊണ്ട് ഹരിച്ചാൽ മിച്ചം 2 വരുന്നു.<br>4 കൊണ്ട് ഹരിച്ചാൽ മിച്ചം 2 കിട്ടുന്ന സംഖ്യകൾ പൂർണവർഗങ്ങൾ അല്ലാത്തതിനാൽ<br>ഈ സമാന്തരശ്രേണിയിൽ പൂർണവർഗങ്ങളൊന്നും ഇല്ല. [ ഏതു പൂർണവർഗത്തെയും 4 കൊണ്ട് ഹരിച്ചാൽ മിച്ചം 0 അല്ലെങ്കിൽ 1 ആണ് ] | 1<br><br><br>1<br>1 |
| 10 | (i) 4 ന്റെ അടുത്തടുത്ത രണ്ട് ഗുണിതങ്ങൾ $x$ എന്നും $x + 4$ എന്നും എടുത്താൽ<br>$x(x+4) = 672 \quad ===> \quad x^2 + 4x = 672$<br>(ii) $x^2 + 4x + 2^2 = 672 + 2^2 \quad ===> \quad (x+2)^2 = 676$<br>$x + 2 = \sqrt{676} = 26$<br>$x = 24$<br>$\therefore$ 4 ന്റെ അടുത്തടുത്ത രണ്ട് ഗുണിതങ്ങൾ = 24 , 28 | <br>1<br>1<br><br><br>1 |
| 11 | (i) ആദ്യപദം $= 3 + 2 = 5$<br>(ii) ആദ്യത്തെ 2 പദങ്ങളുടെ തുക $= (3 \times 2^2) + (2 \times 2) = 12 + 4 = 16$<br>രണ്ടാംപദം $= 16 - 5 = 11$<br>പൊതുവ്യത്യാസം $= 6$<br>(iii) $x_n = 6n + 5 - 6 = 6n - 1 \qquad [\ x_n = dn + f - d\ ]$ | 1<br>1<br><br>1<br>1 |
| 12(A) | പച്ചക്കറി തോട്ടത്തിന്റെ ചെറിയ വശത്തിന്റെ നീളം $x$ മീറ്റർ എന്നും വലിയ വശത്തിന്റെ നീളം $x + 8$ മീറ്റർ എന്നും എടുത്താൽ<br>(i) $x(x+8) = 180 \quad ===> \quad x^2 + 8x = 180$<br>(ii) $x^2 + 8x + 4^2 = 180 + 4^2 \quad ===> \quad (x+4)^2 = 196$<br>$x + 4 = \sqrt{196} = 14 \quad ==> \quad x = 10$<br>വശങ്ങളുടെ നീളങ്ങൾ = 10 മീറ്റർ , 18 മീറ്റർ<br>മറ്റൊരു രീതി<br>പച്ചക്കറി തോട്ടത്തിന്റെ ചെറിയ വശത്തിന്റെ നീളം $x - 4$ മീറ്റർ എന്നും വലിയ വശത്തിന്റെ നീളം $x + 4$ മീറ്റർ എന്നും എടുത്താൽ<br>(i) $(x+4)(x-4) = 180 \quad ===> \quad x^2 - 4^2 = 180$<br>(ii) $x^2 - 16 = 180$<br>$x^2 = 196$<br>$x = \sqrt{196} = 14$<br>ചെറിയ വശത്തിന്റെ നീളം $= 14 - 4 = 10$ മീറ്റർ<br>വലിയ വശത്തിന്റെ നീളം $= 14 + 4 = 18$ മീറ്റർ | 1<br>1<br>1<br>1 |





WANDOOR GANITHAM

| | | |
|---|---|---|
| 12(B) | മട്ടത്രികോണത്തിന്റെ ലംബവശങ്ങളുടെ നീളങ്ങൾ $x$ സെന്റിമീറ്റർ എന്നും $x+2$ സെന്റിമീറ്റർ എന്നും എടുത്താൽ , $\frac{1}{2}\times x(x+2)=24$<br>$x(x+2)=48$<br>$x^2+2x=48$<br>$x^2+2x+1^2=48+1^2$<br>$(x+1)^2=49$<br>$x+1=\sqrt{49}=7$ ===> $x=6$<br>വശങ്ങളുടെ നീളങ്ങൾ = 6 സെന്റിമീറ്റർ , 8 സെന്റിമീറ്റർ , $\sqrt{6^2+8^2}=10$ സെന്റിമീറ്റർ<br>മറ്റൊരു രീതി<br>മട്ടത്രികോണത്തിന്റെ ലംബവശങ്ങളുടെ നീളങ്ങൾ $x-1$ സെന്റിമീറ്റർ , $x+1$ സെന്റിമീറ്റർ എന്നും എടുത്താൽ , $\frac{1}{2}\times(x-1)(x+1)=24$<br>(i) $(x-1)(x+1)=48$ ===> $x^2-1^2=48$<br>(ii) $x^2-1=48$<br>$x^2=49$<br>$x=\sqrt{49}=7$<br>ചെറിയ ലംബവശത്തിന്റെ നീളം = 7 – 1 = 6 സെന്റിമീറ്റർ<br>വലിയ വശത്തിന്റെ ലംബവശത്തിന്റെ നീളം = 7 + 1 = 8 സെന്റിമീറ്റർ<br>കർണം = $\sqrt{6^2+8^2}=10$ സെന്റിമീറ്റർ | 1<br>1<br>1<br>1 |
| 13 | (i) ആദ്യപദം = 105 , അവസാനപദം = 994<br>(ii) പദമാറ്റം = 994 – 105 = 889 = 7 x 127 ( ഈ ശ്രേണിയിൽ , പദമാറ്റം = 7 x സ്ഥാനമാറ്റം )<br>ഈ ശ്രേണിയിലെ 128-ാം പദമാണ് 994 ( സ്ഥാനമാറ്റം = 127 ). .<br>∴ 7 ന്റെ ഗുണിതങ്ങളായ മൂന്നക്കസംഖ്യകളുടെ എണ്ണം = 128<br>(iii) തുക $=\frac{128}{2}\times(105+994)=\frac{128}{2}\times1099=70336$ | 2<br>1<br>1<br>1 |
| 14(A) | (i) $1+2+3+\ \ldots+30=\frac{30\times31}{2}=465$<br>(ii) $4+8+12+\ \ldots+120=4(1+2+3+\ \ldots+30)=4\times465=1860$<br>(iii) $1860+(30\times1)=1890$<br>$x_n=4n+1$<br>∴ ആദ്യത്തെ n പദങ്ങളുടെ തുക $=4\times\frac{n(n+1)}{2}+n=2n^2+3n$ | 1<br>1<br>1<br>1<br>1 |
| 14(B) | $x_n=2n+11-2=2n+9$ [ $x_n=dn+f-d$ ]<br>(i) ആദ്യത്തെ n പദങ്ങളുടെ തുക $=2\times\frac{n(n+1)}{2}+9n=n^2+10n$<br>(ii) $n^2+10n=600$<br>$n^2+10n+5^2=600+5^2$<br>$(n+5)^2=625$<br>$n+5=\sqrt{625}=25$ ===> $n=20$ | 1<br>1<br>1<br>1<br>1 |




WANDOOR GANITHAM

| SECTION C | | |
|---|---|---|
| 15 | B. (i) ഉം (iii) ഉം ശരിയാണ് | 1 |
| 16 | $\frac{4}{6}$ [സാധ്യമായ സംഖ്യകൾ : 527 ,572 ,725 ,752] | 1 |
| 17 | (i) സാധ്യത $= \frac{5}{10} = \frac{1}{2}$ $\left[\frac{1}{2} = \frac{15}{30}\right]$<br>(ii) സാധ്യത $= \frac{7}{15}$ $\left[\frac{7}{15} = \frac{14}{30}\right]$<br>ഒന്നാമത്തെ ഗെയിംബോർഡ് ഉപയോഗിച്ചാലാണ് ജയസാധ്യത കൂടുതൽ . | 1<br>1<br>1 |
| 18 | (i) സാധ്യത $= \frac{60}{360} = \frac{1}{6}$<br>(ii) $x = \frac{4}{9} \times 360 = 160^0$<br>(iii) ഷെയ്ഡ് ചെയ്ത വൃത്താംശത്തിന്റെ കേന്ദ്രകോൺ $= 360 - 60 - 160 = 140^0$<br>സാധ്യത $= \frac{140}{360} = \frac{7}{18}$ | 1<br>1<br>1 |
| 19(A) | രണ്ടക്കസംഖ്യകളുടെ എണ്ണം $= 29 - 9 = 20$<br>(i) കിട്ടാവുന്ന 5 ന്റെ ഗുണിതങ്ങൾ = 10 , 15 , 20 , 25<br>$\therefore$ സാധ്യത $= \frac{4}{20} = \frac{1}{5}$<br>(ii) കിട്ടാവുന്ന സംഖ്യകൾ = 14 , 23<br>$\therefore$ സാധ്യത $= \frac{2}{20} = \frac{1}{10} = 0.1$<br>(iii) കിട്ടാവുന്ന സംഖ്യകൾ = 10 , 13 , 22 , 18 , 27<br>$\therefore$ സാധ്യത $= \frac{5}{20} = \frac{1}{4}$ | 1<br>1<br>2<br>1 |
| 19(B) | (i) സാധ്യമായ ജോടികളുടെ എണ്ണം $= 25 \times 40 = 1000$<br>(ii) ആവശ്യമായ ജോടികളുടെ എണ്ണം $= 10 \times 15 = 150$<br>രണ്ടും കറുത്തതാകാനുള്ള സാധ്യത $= \frac{10 \times 15}{25 \times 40} = \frac{150}{1000}$<br>(iii) ഒന്നെങ്കിലും വെളുത്തതാകാനുള്ള സാധ്യത = 1 – രണ്ടും കറുത്തതാകാനുള്ള സാധ്യത<br>$= 1 - \frac{150}{1000} = \frac{850}{1000}$<br>(iv) ഒന്ന് കറുപ്പും ഒന്ന് വെളുപ്പും ആകാനുള്ള സാധ്യത<br>= 1 – രണ്ടും കറുത്തതാകാനുള്ള സാധ്യത – രണ്ടും വെളുത്തതാകാനുള്ള സാധ്യത<br>$= 1 - \frac{150}{1000} - \frac{15 \times 25}{1000} = 1 - \frac{150}{1000} - \frac{375}{1000} = \frac{475}{1000}$<br>മറ്റൊരു രീതി<br>(iii) ആവശ്യമായ ജോടികളുടെ എണ്ണം $= (10 \times 25) + (15 \times 15) + (15 \times 25) = 850$<br>ഒന്നെങ്കിലും വെളുത്തതാകാനുള്ള സാധ്യത $= \frac{850}{1000}$<br>(iv) ആവശ്യമായ ജോടികളുടെ എണ്ണം $= (10 \times 25) + (15 \times 15) = 475$ | 1<br>1<br>1<br>2 |

WANDOOR GANITHAM

| | | |
|---|---|---|
| | ഒന്ന് കറുപ്പും ഒന്ന് വെളുപ്പും ആകാനുള്ള സാധ്യത $= \frac{475}{1000}$ | |
| | **SECTION D** | |
| 20 | C | 1 |
| 21 | (iv) പ്രസ്താവന രണ്ടും ശരിയാണ് , പ്രസ്താവന 1 ന്റെ കാരണമല്ല പ്രസ്താവന 2 . | 1 |
| 22 | (i) $\angle ADB = \frac{130}{2} = 65^0$<br>[ വൃത്തത്തിലെ ഒരു ചാപത്തിന്റെ അറ്റങ്ങൾ ,മറുചാപത്തിലെ ഏതു ബിന്ദുവുമായും യോജിപ്പിച്ചാലുണ്ടാകുന്ന കോൺ , ചാപത്തിന്റെ കേന്ദ്രകോണിന്റെ പകുതിയാണ് ]<br>(ii) $\angle BDC = \frac{50}{2} = 25^0$<br>(iii) $\angle BPC = 180 - 25 = 155^0$ [ DBPC ഒരു ചക്രിയചതുർഭുജം, $\angle BPC + \angle BDC = 180^0$ ]<br> | 1<br>1<br>1 |
| 23(A) | (i) $\angle POR = 2 \times 70 = 140^0$<br>[ വൃത്തത്തിലെ ഒരു ചാപത്തിന്റെ അറ്റങ്ങൾ മറുചാപത്തിലെ ഒരു ബിന്ദുവുമായി യോജിപ്പിച്ചുണ്ടാക്കുന്ന കോണിന്റെ ഇരട്ടിയാണ് , ആ ചാപത്തിന്റെ കേന്ദ്രകോൺ ]<br>(ii) $\angle PSR = 180 - 140 = 40^0$<br>[ ORSP ഒരു ചക്രിയചതുർഭുജം, $\angle POR + \angle S = 180^0$ ]<br>(iii) $\angle PCR = 2 \times 40 = 80^0$<br> | 1<br>1<br>1 |
| 23(B) | AB , BP , BQ എന്നീ വരകൾ വരയ്ക്കുക.<br>$\angle ABP = 90^0$ [ ABP ഒരു അർധവൃത്തമാണ് ,AP വ്യാസം , അർധവൃത്തത്തിലെ കോൺ മട്ടമാണ് ]<br>$\angle ABQ = 90^0$ [ ABQ ഒരു അർധവൃത്തമാണ് ,AQ വ്യാസം]<br>PQ എന്ന വരയിലെ ബിന്ദുവാണ് B .<br>[$\angle ABP + \angle ABQ = 180^0$]<br> | 1<br>1<br>1 |
| 24(A) | (i) $\angle BCE = 180 - 30 - 20 = 130^0$ [ഒരു ത്രികോണത്തിലെ കോണുകളുടെ തുക $180^0$ ]<br>(ii) $\angle ADB = 50^0$ [ $\angle ACB = \angle ADB = 50^0$ വൃത്തത്തിലെ ഒരു ചാപത്തിന്റെ അറ്റങ്ങൾ മറുചാപത്തിലെ ബിന്ദുക്കളുമായി യോജിപ്പിച്ചുണ്ടാക്കുന്ന കോണുകളെല്ലാം തുല്യമാണ് ]<br>(iii) $\angle DAB = 90^0$ [ ABD ഒരു അർധവൃത്തമാണ് , BD വ്യാസം , അർധവൃത്തത്തിലെ കോൺ മട്ടമാണ് ]<br>(iv) $\angle ABD = 180 - 90 - 50 = 40^0$ [ഒരു ത്രികോണത്തിലെ കോണുകളുടെ തുക $180^0$<br> | 1<br>1<br>1<br>1 |

WANDOOR GANITHAM

| | | |
|---|---|---|
| 24(B) | (i) $\angle BDC = 50^0$ [ $\angle BAC = \angle BDC = 50^0$<br>വൃത്തത്തിലെ ഒരു ചാപത്തിന്റെ അറ്റങ്ങൾ<br>മറുചാപത്തിലെ ബിന്ദുക്കളുമായി യോജി പ്പി<br>ച്ചുണ്ടാക്കുന്ന കോണുകളെല്ലാം തുല്യമാണ് ]<br><br><br>(ii) $\angle ACB = 20^0$ [ $\angle ADB = \angle ACB = 20^0$ ]<br>(iii) $\angle ABC = 180 - 70 = 110^0$<br>[ ABCD ഒരു ചക്രിയചതുർഭുജം , $\angle ABC + \angle ADC = 180^0$ ]<br>(iv) $\angle DCE = 100^0$ | 1<br>1<br>1<br>1 |
| 25 | (i) $\angle BCD = 50^0$ [ $\angle ADC = \angle ABC = 40^0$<br>വൃത്തത്തിലെ ഒരു ചാപത്തിന്റെ അറ്റങ്ങൾ<br>മറുചാപത്തിലെ ബിന്ദുക്കളുമായി യോജി പ്പി<br>ച്ചുണ്ടാക്കുന്ന കോണുകളെല്ലാം തുല്യമാണ് ,<br>$\angle BMC = 90^0$ ]<br><br><br>(ii) ചാപം APC യുടെ കേന്ദ്രകോൺ $= 2 \times 40^0 = 80^0$<br>[ വൃത്തത്തിലെഒരു ചാപത്തിന്റെ അറ്റങ്ങൾ മറുചാപത്തിലെ<br>ഒരു ബിന്ദുവുമായി യോജിപ്പിച്ചുണ്ടാക്കുന്ന കോണിന്റെ<br>ഇരട്ടിയാണ് , ആ ചാപത്തിന്റെ കേന്ദ്രകോൺ ]<br>ചാപം BQD യുടെ കേന്ദ്രകോൺ $= 2 \times 50^0 = 100^0$<br>ചാപം APC യുടെ കേന്ദ്രകോൺ + ചാപം BQD യുടെ കേന്ദ്രകോൺ $= 80 + 100 = 180^0$<br>APC, BQD എന്നീ ചാപങ്ങളുടെ കേന്ദ്രകോണുകളുടെ തുക $180^0$ ആയതിനാൽ , ഇവ ചേർത്തു<br>വച്ചാൽ അർധവൃത്തമാകും . | 1<br>1<br>1<br>1 |
| 26 | <br><br>വൃത്തം വരയ്ക്കുന്നതിന്<br>ത്രികോണത്തിന്റെ കോണുകളുടെ ഇരട്ടി വൃത്തകേന്ദ്ര<br>ത്തിൽ വരയ്ക്കുന്നതിന്<br>ത്രികോണം പൂർത്തിയാക്കുന്നതിന് | 1<br>2<br>2 |

WANDOOR GANITHAM